## പതിനാലാം കേരള നിയമസഭ
### പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1746** **01/11/2019 -ൽ മറുപടിക്ക്**

### സ്ഥലവും കെട്ടിടവും ഇല്ലാത്ത കോളേജുകൾക്ക് സ്ഥലം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.അബ്ദുറഹിമാൻ | ഡോ.കെ.ടി.ജലീൽ<br>( ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എല്ലാ മണ്ഡലത്തിലും കോളേജ് എന്ന ലക്ഷ്യത്തോടെ ആരംഭിച്ച കോളേജുകളിൽ സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാതെ എത്ര കോളേജുകളാണ് പ്രവർത്തിക്കുന്നത്, ഇപ്രകാരം പ്രവർത്തിക്കുന്ന കോളേജുകളുടെ പട്ടിക ലഭ്യമാക്കുമോ;<br><br>(ബി) ഇപ്രകാരം വാടക കെട്ടിടത്തിലും മറ്റുമായി പ്രവർത്തിക്കുന്ന കോളേജുകളിൽ ഏതൊക്കെ കോളേജുകളാണ് സ്വന്തമായി സ്ഥലം ഏറ്റെടുക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളത്; വിശദ വിവരം ലഭ്യമാക്കുമോ ; | (എ) & (ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ച കോളേജുകളിൽ സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാതെ പ്രവർത്തിക്കുന്ന കോളേജുകളുടെ വിവരം അനുബന്ധം (1) ആയി ചേർക്കുന്നു<br>വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന എല്ലാ സർക്കാർ കോളേജുകളും സ്വന്തമായി സ്ഥലം ഏറ്റെടുക്കുന്നതിനാവശ്യമായ പ്രൊപ്പോസലുകൾ ലഭ്യമാക്കുകയും ആയതിൽ സ്വീകരിച്ച തുടർ നടപടികൾ അനുബന്ധം (1)ൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| (സി) സ്ഥലം കണ്ടെത്തി അറിയിച്ച കോളേജുകൾക്കായി പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ; വിശദ വിവരം ലഭ്യമാക്കുമോ ? | (സി) സ്ഥലം കണ്ടെത്തി അറിയിച്ച സർക്കാർ കോളേജുകൾക്കായി പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ അനുബന്ധം (2) ആയി ചേർക്കുന്നു. |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം (1)

| ക്രമ നം | കോളേജിന്റെ പേര് | സ്ഥല വിവരം | കെട്ടിട വിവരം |
|---|---|---|---|
| 1 | സർക്കാർ ആർട്സ് & സയൻസ് കോളേജ്, മങ്കട | സ്ഥലം ഉണ്ട് | കെട്ടിട നിർമ്മാണ ജോലി പുരോഗമിക്കുന്നു. |
| 2 | സർക്കാർ കോളേജ്, താനൂർ, മലപ്പുറം | ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ട്. | ഇല്ല |
| 3 | സർക്കാർ കോളേജ്, തൃത്താല | സ്ഥലം ഉണ്ട് | കെട്ടിട നിർമ്മാണം പുരോഗമിക്കുന്നു |
| 4 | സർക്കാർ കോളേജ്, പത്തിരിപ്പാല | സ്ഥലം ഏറ്റെടുക്കൽ നടപടി പുരോഗമിക്കുന്നു | ഇല്ല |
| 5 | സർക്കാർ കോളേജ്, തവനൂർ | സ്ഥലം ഉണ്ട് | കെട്ടിട നിർമ്മാണം പുരോഗമിക്കുന്നു |
| 6 | സർക്കാർ കോളേജ്, പെരിങ്ങോം | സ്ഥലം ഉണ്ട് | കെട്ടിട നിർമ്മാണം പുരോഗമിക്കുന്നു |
| 7 | സർക്കാർ ആർട്സ് & സയൻസ് കോളേജ്, കുന്ദമംഗലം | സ്ഥലം ഉണ്ട് | കെട്ടിട നിർമ്മാണം പുരോഗമിക്കുന്നു |
| 8 | സർക്കാർ ആർട്സ് & സയൻസ് കോളേജ്, നാദാപുരം | സ്ഥലം ഉണ്ട് | കെട്ടിട നിർമ്മാണം അവസാന ഘട്ടത്തിലാണ് |
| 9 | സർക്കാർ ആർട്സ് & സയൻസ് കോളേജ്, ഇലന്തൂർ | സ്ഥലം ഏറ്റെടുക്കൽ നടപടി പുരോഗമിക്കുന്നു | ഇല്ല |
| 10 | സർക്കാർ കോളേജ്, കരുനാഗപ്പള്ളി | ഭൂമി അനുവദിച്ചിട്ടു ണ്ട്. കോളേജ് വിദ്യാഭ്യാസ വകുപ്പിന് കൈമാറുന്ന തിനുള്ള നടപടി പുരോഗമിക്കുന്നു | ഇല്ല |
| 11 | സർക്കാർ വനിതാ കോളേജ്, മലപ്പുറം | സ്ഥലം വകുപ്പിന് കൈമാറിയിട്ടുണ്ട് | ഇല്ല |
| 12 | എസ്.ആർ.വി. കോളേജ് ഓഫ് മൂസിക് & പെർഫോർമിംഗ് ആർട്സ് | സ്ഥലം ഏറ്റെടുക്കൽ നടപടി പുരോഗമിക്കുന്നു | ഇല്ല |
| 13 | സർക്കാർ ആർട്സ് & സയൻസ് കോളേജ്, ഒല്ലൂർ | സ്ഥലം അനുവദിച്ചിട്ടു ണ്ട് കോളേജ് വിദ്യാഭ്യാസ വകുപ്പിന് കൈമാറുന്നതിനുള്ള നടപടി റവന്യൂ വകുപ്പിൽ പുരോഗമിക്കുന്നു | ഇല്ല |

സെക്ഷൻ ഓഫീസർ

# അനുബന്ധം (2)

1. **സർക്കാർ കോളേജ്, താനൂർ**

06/08/2019 -ലെ സ.ഉ.(കൈ) നം. 255/2019/ഉ.വി.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഭരണാനുമതി ആയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിനുള്ള കണ്ടിജന്റ് ചാർജും എസ്റ്റാബ്ലിഷ്മെന്റ് ചാർജും ഉൾപ്പെടെ അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

2. **എസ്.ആർ.വി. കോളേജ് ഓഫ് മ്യൂസിക് & പെർഫോർമിംഗ് ആർട്സ്**

രാമവർമ്മപുരം യു.പി. സ്കൂളിന്റെ സ്ഥലം കൈമാറുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുകയും ആയതിന്മേൽ ഡെപ്യൂട്ടി കലക്ടർ (എൽ.എ.) സ്ഥല പരിശോധന നടത്തുകയും ചെയ്തു. ടി റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്.

3. **സർക്കാർ ആർട്സ് & സയൻസ് കോളേജ്, ഇലന്തൂർ**

കോളേജ് കെട്ടിടം നിർമ്മിക്കുന്നതിനായി ഖാദി ബോർഡിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം മൂല്യനിർണ്ണയം നടത്തി ലഭിച്ചാൽ ഉടൻ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

4. **സർക്കാർ ആർട്സ് & സയൻസ് കോളേജ്, കരുനാഗപ്പള്ളി**

20/08/2019 -ലെ സ.ഉ.(സാധാ)/1492/2019/ഉ.വി.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കരുനാഗപ്പള്ളി എഞ്ചിനീയറിംഗ് കോളേജന്റെ സ്ഥലം കൈമാറുന്നതിന് ഭരണാനുമതിയാകുകയും തുടർ നടപടികൾ റവന്യൂ വകുപ്പ് നിർദ്ദേശിച്ച പ്രകാരം സ്വീകരിച്ചു വരുന്നു.

5. **സർക്കാർ വനിതാ കോളേജ്, മലപ്പുറം**

5 ഏക്കർ സ്ഥലം റവന്യൂ വകുപ്പിൽ നിന്നും കോളേജ് വിദ്യാഭ്യാസ വകുപ്പിന് കൈമാറിയിട്ടുണ്ട്. ആയതിൻമേൽ അതിർത്തി നിർണ്ണയം നടത്തുന്നതിനുള്ള നടപടി താലൂക്ക് സർവ്വേയർ സ്വീകരിച്ചു വരുന്നു.

6. **സർക്കാർ ആർട്സ് & സയൻസ് കോളേജ്, പത്തിരിപ്പാല**

പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും കോളേജ് വിദ്യാഭ്യാസ വകുപ്പിന് ഭൂമി കൈമാറ്റം ചെയ്യുന്നതിനുള്ള നടപടി പുരോഗമിച്ച് വരുന്നു.

**സെക്ഷൻ ഓഫീസർ**